# പതിനഞ്ചാം കേരള നിയമസഭ

# പത്താം സമ്മേളനം

2024 ഫെബ്രുവരി 12, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി**

**<u>റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം</u>**

*151 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യ സാധനങ്ങളുടെ വിതരണം സ്ഥിരമായി തടസ്സപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റേഷൻകടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം വിലയിരുത്തിട്ടുണ്ടോ; ഇവയുടെ തകരാർ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; സ്ഥിരമായി സെർവർ തകരാറിലാവുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് റേഷൻ വ്യാപാരികൾ ആണോയെന്നത് പരിശോധിച്ചിട്ടുണ്ടോ; റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ദേശീയ ജലപാത പദ്ധതി</u>**

*152 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**

**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ല മുതൽ ബേക്കൽ വരെയുള്ള പശ്ചിമതീര കനാലിന്റെ വികസനത്തിലൂടെ സംസ്ഥാനത്ത് ദേശീയ ജലപാത പദ്ധതി സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ദേശീയ ജലപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി കനാലുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് പുതിയ കനാലുകൾ നിർമ്മിക്കേണ്ടിവരുന്നത് എവിടെയെല്ലാമാണെന്നും ആയതിന് എത്ര കിലോമീറ്റർ ദൈർഘ്യം വരുമെന്നും വ്യക്തമാക്കുമോ;

(ഡി) ദേശീയ ജലപാതയെ ഉൾനാടൻ ജലഗതാഗത പാതകളുമായി സംയോജിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക ജലഗതാഗതവും ചരക്കുനീക്കവും ടൂറിസം വികസനവും സാധ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കുമോ?

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ വികസന നേട്ടങ്ങൾ

*153 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയർ ചികിത്സിച്ച് ദരിദ്രരാകുന്നുവെന്നും ഈ ഗുരുതര സാഹചര്യം ഒഴിവാക്കാൻ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സമഗ്രമായി വികസിപ്പിക്കണമെന്നും 2015-ൽ ആസൂത്രണ ബോർഡിന്റെ ആരോഗ്യ മേഖലാ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) 2016 മുതൽ 2023 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വികസന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## കുടുംബശ്രീ ശാക്തീകരണ ക്യാമ്പയ്ൻ

*154 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി. നന്ദകുമാർ**

**ശ്രീമതി യു പ്രതിഭ**

**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ത്രിതല സംഘടനാ ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ട് സ്ത്രീ ശാക്തീകരണ ക്യാമ്പയ്ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന തിരികെ സ്കൂളിൽ എന്ന പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പയ്ൻ മുഖേന അയൽക്കൂട്ട ശൃംഖലയിൽ ഇതുവരെ എത്ര പേരെ ചേർക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(സി) പ്രസ്തുത ക്യാമ്പയ്നെ തുടർന്ന് കുടുംബശ്രീ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) കുടുംബശ്രീ നിലവിൽ നടത്തിവരുന്ന പദ്ധതികൾ കാലാനുസൃതമായി നവീകരിക്കുന്നതിനും പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതികളെ പുനരാവിഷ്കരിച്ച് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

<u>**അർഹരായവർക്ക് മുൻഗണനാ കാർഡ് വിതരണം ചെയ്യാൻ നടപടി**</u>

*155 **ശ്രീ. ഇ കെ വിജയൻ**

**ശ്രീ ജി എസ് ജയലാൽ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായവർക്കെല്ലാം മുൻഗണനാ കാർഡ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്വമേധയാ സറണ്ടർ പദ്ധതിയിലൂടെ മുൻഗണനാ കാർഡുകൾ സർക്കാരിലേക്ക് വന്നു ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സ്വമേധയാ സറണ്ടർ പദ്ധതിയിലൂടെയും പരിശോധനയിലൂടെയും സർക്കാരിലേക്ക് വന്നുചേർന്നതും സർക്കാരിന്റെ കൈവശമുണ്ടായിരുന്നതുമായ മുൻഗണനാ കാർഡുകൾ അർഹരായവർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഓപ്പറേഷൻ യെല്ലോ പദ്ധതിയിലൂടെ പിടിച്ചെടുത്ത മുൻഗണനാ കാർഡുകളുടെ ഉടമകളിൽ നിന്നും ഈടാക്കിയ പിഴ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; ഓപ്പറേഷൻ യെല്ലോ പദ്ധതി തുടർന്നും നടപ്പിലാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

<u>**കാസ്പ്**</u>

*156 **ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരത്തിന് കേരളത്തെ അർഹമാക്കിയ പ്രത്യേക പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഏത് വർഷമാണെന്നും സംസ്ഥാനത്ത് നാളിതുവരെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി 2022-23-ൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അതിൽ സംസ്ഥാനത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും വിഹിതം എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) 2021-22, 2022-23 എന്നീ വർഷങ്ങളിൽ ഈ പദ്ധതിയ്ക്കായി സംസ്ഥാനം എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

## കോഴിക്കോട്, തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി

*157 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ റോഡ് ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും സമഗ്രമായ നഗര വികസനത്തിനും ഉതകുന്ന മെട്രോ റെയിൽ പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ ഇടപെടലുകളുടെ ഫലമായുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്താമോ;

(ബി) കോഴിക്കോട്, തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ സാധ്യതാ പഠനത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കേന്ദ്രാനുമതി ലഭിക്കുന്നതിനും പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മയക്കുമരുന്നുകളുടെ വിതരണം തടയുന്നതിന് നടപടി

*158 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങളും മാർഗ്ഗങ്ങളും ഉപയോഗിച്ച് മയക്കുമരുന്നുകളുടെ വിതരണം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതിയ സാഹചര്യങ്ങളിൽ ലഹരിമരുന്ന് സംബന്ധിച്ച അന്വേഷണങ്ങൾ ഫലപ്രദമായി നടത്താനാകുംവിധം സംസ്ഥാന എക്സൈസ് വകുപ്പിനെ നവീകരിക്കാനും ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുതിയ കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനായി 1985-ലെ നർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മയക്കുമരുന്നുകളുടെ നിയന്ത്രണത്തിനായി ശക്തമായ പോലീസ് നടപടികൾക്കൊപ്പം ജനകീയ നിരീക്ഷണവും ബോധവൽക്കരണവും കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## <u>തീരദേശ പരിപാലന പ്ലാൻ</u>

*159 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച സി.ആർ.ഇസഡ്. വിജ്ഞാപനത്തിന് അനുസൃതമായി തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടില്ലെങ്കിൽ തീരദേശത്തെ കെട്ടിട നിർമ്മാണം, ടൂറിസം എന്നിവയെ അത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് ലഭിച്ച പരാതികൾ പരിഹരിച്ച് അടിയന്തരമായി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കാരുണ്യ ഫാർമസികളിൽ ബ്രാൻഡ് നെയിം മരുന്നുകൾ ലഭ്യമാക്കാൻ നടപടി</u>

*160 **ശ്രീ. പി. കെ. ബഷീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസികളിൽ ബ്രാൻഡ് നെയിം മരുന്നുകൾ വാങ്ങി സൂക്ഷിക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഡോക്ടർമാർ കുറിച്ചുനൽകുന്ന അതേ ബ്രാൻഡ് നെയിം മരുന്നുകൾ തന്നെ വൃക്കരോഗികൾ കഴിക്കണമെന്നത് നിർബന്ധമായതിനാൽ ഈ തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ;

(സി) കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ

*161 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് മിഷൻ വഴി യുവജനങ്ങളെ തൊഴിലന്വേഷകരിൽ നിന്നും വിദഗ്ധരായ തൊഴിൽദാതാക്കളാക്കി മാറ്റി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ലോകോത്തര സാങ്കേതിക വിദ്യകൾക്കനുസൃതമായി സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളെ ശക്തമാക്കുവാൻ നൈപുണ്യ പരിശീലനവും മറ്റു പിന്തുണകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;

(സി) കോളേജുകൾ കേന്ദ്രീകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) വനിതാ സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ സന്നാഹങ്ങളും വായ്പാ സഹായ പദ്ധതികളും സംസ്ഥാനം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കാലാവധി കഴിഞ്ഞ മരുന്നുകൾ

*162 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## വിമാനത്താവളങ്ങളുടെ വികസനം

*163 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. എം. എം. മണി**
**ശ്രീ എം മുകേഷ്**

**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവളത്തിന് സുരക്ഷാ ക്ലിയറൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുത്തിട്ടും നിർമ്മാണത്തിനാവശ്യമായ ടെണ്ടർ വിളിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) കണ്ണൂർ വിമാനത്താവളത്തിൽ നിന്നും വിദേശ വിമാന കമ്പനികൾക്ക് സർവ്വീസ് നടത്താനുള്ള പോയിന്റ് ഓഫ് കോൾ അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>സി.എസ്.ഇ.പി. സംഘടിപ്പിച്ച സെമിനാർ</u>

*164 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ സോഷ്യൽ ആന്റ് ഇക്കണോമിക് പ്രോഗ്രസ് (സി.എസ്.ഇ.പി.) സംഘടിപ്പിച്ച ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് ഇൻ ഇന്ത്യ എന്ന സെമിനാറുമായി ബന്ധപ്പെട്ട് വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെമിനാറിൽ നീതി ആയോഗ് സി.ഇ.ഒ. നടത്തിയ തുറന്ന് പറച്ചിൽ സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(സി) ധനകാര്യ കമ്മീഷനുമേൽ കേന്ദ്ര ഇടപെടൽ ഉണ്ടാകുകയും സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തതായി പറയപ്പെടുന്ന സംഭവം ഭരണഘടനാവിരുദ്ധവും ഫെഡറൽ സംവിധാനത്തിന് നിരക്കാത്തതുമാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## <u>പി.ആർ.എസ്. വായ്പ ബാധ്യത</u>

*165 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ആർ.എസ്. വായ്പ ബാധ്യത കർഷകന്റെ ബാധ്യതയായി ബാങ്കുകൾ കണക്കാക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ബാങ്കുകളിൽ യഥാസമയം തുക അടയ്ക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തുന്ന അവസരത്തിൽ ആയത് കർഷകന്റെ സിബിൽ സ്കോറിനെ ബാധിക്കുമെന്നും

കർഷകന് ബാങ്കുകളിൽ നിന്നും വായ്പകൾ ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുമെന്നുമുള്ള കാര്യം വിശകലനം ചെയ്തിട്ടുണ്ടോ;

(സി) ലോൺ വ്യവസ്ഥയിൽ ലഭ്യമാക്കിയ തുകയും പലിശയും തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ബാങ്കുകൾ കർഷകർക്ക് ജപ്തി നോട്ടീസ് അയയ്ക്കുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

## ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

*166 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിലെ പുതിയകാല വെല്ലുവിളികളെ നേരിടാൻ കഴിയുന്നവിധം അടിസ്ഥാനസൗകര്യ വികസനത്തിന് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമഗ്രവും മാതൃകാപരവുമായ ഇടപെടലുകൾ കേരളത്തെ ആരോഗ്യമേഖലയിൽ രാജ്യത്തെ മികച്ച സംസ്ഥാനമാക്കി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് മുൻഗണന നൽകുന്നതിന്റെ ഭാഗമായി ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങളും നയപരമായ തീരുമാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആരോഗ്യമേഖലയിൽ ഏറ്റെടുത്തിട്ടുള്ള നവീന സംരംഭങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കേരള ഫിഷറീസ്-സമുദ്രപഠന സർവകലാശാലയുടെ പഠനറിപ്പോർട്ട്

*167 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പതിമൂന്ന് ശതമാനം പ്രദേശങ്ങളും ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നവയാണെന്ന കേരള ഫിഷറീസ്-സമുദ്രപഠന സർവകലാശാലയുടെ പഠനറിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഉരുൾപൊട്ടൽ മൂലമുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ

*168 **ശ്രീ. പി.പി. സുമോദ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്റിബയോട്ടിക്കുകളുടെ അമിതോപയോഗം തടയുന്നതിനും ഇത് സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി നടത്തിവരുന്ന ഇടപെടലുകൾ മൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും അതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## റെയിൽവേ വികസനം

*169 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ ഒ . ആർ. കേളു**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വികസനത്തിന്റെ സമസ്ത മേഖലകളിലും കേരളത്തെ അവഗണിക്കുന്ന കേന്ദ്രസർക്കാർ നടപടികൾക്കെതിരായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഔദ്യോഗിക ഇടപെടലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ പ്രസ്തുത വിഷയം അവതരിപ്പിക്കുകയും അംഗങ്ങൾ ആവശ്യമായ ഇടപെടൽ നടത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വന്ദേഭാരത് ട്രെയിൻ കൃത്യസമയത്ത് സർവ്വീസ് നടത്തുന്നതിനായി തൽസമയമുണ്ടായിരുന്ന ട്രെയിനുകൾ റദ്ദ് ചെയ്യുകയോ പിടിച്ചിടുകയോ ചെയ്യുന്നതുമൂലം സ്ഥിരം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിന്റെ റെയിൽവേ വികസനത്തിന് പ്രതികൂലമാകുന്ന നടപടികളിൽ നിന്നും പിന്മാറുന്നതിനും കാലാനുസൃതമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും കേന്ദ്രത്തിൽ നടത്തിവരുന്ന നിരന്തര ഇടപെടൽ തുടരുമോ എന്ന് വ്യക്തമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ

*170 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകേണ്ട ഗ്രാന്റുകൾ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 2023 ആഗസ്റ്റ് മാസത്തിൽ നൽകേണ്ട രണ്ടാം ഗഡു പൂർണ്ണമായും നൽകാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകാനുള്ള ഗ്രാന്റിന്റെ മൂന്നാം ഗഡു എപ്പോഴാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; ഇത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ?

## തൊഴിലരങ്ങത്തേക്ക് പദ്ധതി

*171 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം സാധ്യമാക്കുന്നതിന്റെ ഭാഗമായി നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിന്നുള്ള വനിതകൾ ഉൾപ്പെടെയുള്ള പ്രൊഫഷണലുകൾക്ക് ആഗോളതലത്തിൽ സ്വീകാര്യത ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള ആഗോള സ്വീകാര്യത പ്രയോജനപ്പെടുത്തുന്നതിന് കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) യോഗ്യതകളും ശേഷിയും അടിസ്ഥാനമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാകുമെന്ന് വിശദമാക്കാമോ?

## ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024

*172 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ വി ജോയി**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി നടത്തിയ പദ്ധതികളുടെ ഫലമായി ഐ.ടി. മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പുരോഗതികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ തൊഴിൽക്ഷമതയെക്കുറിച്ചും നൈപുണ്യ വികസനത്തെക്കുറിച്ചും ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024-ൽ നടത്തിയ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) 2011-16 കാലയളവിൽ ഐ.ടി. രംഗത്ത് എത്ര കോടി രൂപയുടെ കയറ്റുമതിയാണ് നടന്നതെന്നും 2016 മുതൽ നാളിതുവരെയുള്ള കയറ്റുമതി എത്രയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2016 മുതൽ നാളിതുവരെ എത്ര ഐ.ടി. പാർക്കുകളും ഐ.ടി. സ്പെയ്സുകളും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അതിലൂടെ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

*173 **ഡോ. എം. കെ. മുനീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിന്നും യഥാർത്ഥ ഗുണഭോക്താക്കളല്ലാത്തവർ സാധനങ്ങൾ കൈപ്പറ്റുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) നിലവിൽ സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

## തൊഴിലുറപ്പ് പദ്ധതി

*174 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും മാതൃകാപരമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) തൊഴിലുറപ്പ് പദ്ധതി വൈവിദ്ധ്യത്തോടെയും പ്രായോഗികമായും നടപ്പാക്കുന്നതിനായി ആവിഷ്ക്കരിച്ച ട്രൈബൽ പ്ലസ്, നീരുറവ തുടങ്ങിയ മാതൃകാ പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) കേന്ദ്രസർക്കാർ ഓരോ സാമ്പത്തിക വർഷവും തൊഴിൽ ദിനങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനെതിരെ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളും അതിന്റെ ഫലമായുണ്ടായ നേട്ടങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി

*175 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ നാല് ശതമാനത്തിൽ താഴെ മാത്രമാണ് 2024 ജനവരി മാസം വരെ ചെലവഴിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി നൽകുന്ന തുക വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കേരളത്തിൽ എയിംസ് ആരംഭിക്കുന്നതിന് നടപടി

*176 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ അവഗണന തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് നടത്തിവരുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള എന്തെല്ലാം പ്രാഥമിക നടപടികളാണ് സംസ്ഥാന സർക്കാർ ഇതിനകം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന് എയിംസ് അടക്കമുള്ള പദ്ധതികൾ ലഭ്യമാക്കുന്നതിൽ കേരളത്തിലെ പാർലമെന്റ് അംഗങ്ങളിൽ നിന്നും വേണ്ടത്ര സഹകരണം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം കേന്ദ്ര പദ്ധതികൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ശ്രമം തുടരുമോ; വ്യക്തമാക്കാമോ?

## കൊച്ചി മെട്രോയുടെ പ്രവർത്തന പുരോഗതി

*177 **ശ്രീ. എ. രാജ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ നിലവിലെ പ്രവർത്തന പുരോഗതി സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2022-23 വർഷം കൊച്ചി മെട്രോ കൈവരിച്ച സാമ്പത്തിക ലാഭം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനം

*178 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്കാരത്തിന്റെ വ്യാപനവും നൂതനജീവിതശൈലിയും കാരണം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും തരവും ഗണ്യമായി വർദ്ധിച്ചുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2025 മാർച്ച് അവസാനത്തോടെ സംസ്ഥാനത്തുടനീളം എല്ലാ മാലിന്യങ്ങളുടെയും സംസ്കരണം വികേന്ദ്രീകൃതമായി ഉറപ്പാക്കുന്ന ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം രൂപപ്പെടുത്തുന്നതിന് പദ്ധതി വികസിപ്പിച്ചെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രാദേശിക മാലിന്യങ്ങളുടെ ശേഖരണം, നിർമ്മാർജനം, സംസ്കരണം എന്നിവ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മാലിന്യ സംഭരണം, നീക്കം ചെയ്യൽ, റീസൈക്ലിംഗ് എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെയുള്ള പ്രവർത്തനങ്ങൾ വാർഡ് മുതൽ സംസ്ഥാനതലം വരെ ഏകോപിപ്പിക്കാൻ ഹരിത മിത്രം ആപ്പിലൂടെ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പി.എസ്.സി.യുടെ നവീകരണം

*179 **ശ്രീ എം നൗഷാദ്**
**ശ്രീ വി ജോയി**
**ശ്രീ. എ. രാജ**
**ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച ധനകാര്യ അഡീഷണൽ സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ടുമായി ബന്ധപ്പെട്ട വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെത്തുടർന്ന് അന്നത്തെ പി.എസ്.സി. ചെയർമാനെതിരെ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിരുന്നോ;

(ബി) 2016 മുതൽ പി.എസ്.സി.യിൽ നടത്തിവരുന്ന നവീകരണവും ആധുനികവത്ക്കരണവും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പി.എസ്.സി.യുടെ പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ തസ്തികകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള മാനദണ്ഡം പാലിക്കാൻ നടപടി</u>**

*180 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികളെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ പരിപാടിയുടെ മുന്നോടിയായി പ്രമുഖ പ്രതിപക്ഷ യുവജനസംഘടനാ പ്രവർത്തകരെ അനധികൃതമായി കരുതൽ തടങ്കലിൽ വച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിയമപ്രകാരമാണോ; വിശദമാക്കാമോ;

(സി) സുപ്രീം കോടതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രമുഖ പ്രതിപക്ഷ യുവജനസംഘടനാ പ്രവർത്തകരെ അനധികൃതമായി കരുതൽ തടങ്കലിൽ വയ്ക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ഫെബ്രുവരി 4, ഞായർ

ഷാജി സി. ബേബി,
സെക്രട്ടറി ഇൻ ചാർജ്

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].